# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3989 24.08.2017 -ലെ മറുപടി

## കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനത്തിന് ഇറിഗേഷൻ വകുപ്പിന്റെ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | മാത്യു.ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുറ്റ്യാടി താലൂക്ക് ആശുപത്രിയോടനുബന്ധിച്ച് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമി ആശുപത്രി വികസനത്തിന് വിട്ടുനൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ്; | (എ) | കുറ്റ്യാടി ജലസേചന പദ്ധതിയുടെ കൈവശമുള്ള കുറ്റ്യാടി വില്ലേജിൽ തൊണ്ടിപൊയിൽ ദേശത്ത് റി.സ. 11/11 ൽ ഉൾപ്പെട്ട 55 സെന്റ് സ്ഥലം കുറ്റ്യാടി താലൂക്ക് ആശുപത്രി വികസനത്തിന് അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രോപ്പോസലിൽ സ്ഥലത്തിന്റെ സ്കെച്ചും മറ്റ് റിപ്പോർട്ടുകളും നിലവിൽ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ബി സെക്ഷൻ പെരുവണ്ണാമൂഴി അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയിലാണ്. |
| (ബി) | ഒട്ടേറെ പേർ ആശ്രയിക്കുന്ന ഈ ആശുപത്രിയുടെ വികസനത്തിന് മറ്റ് ഭൂമികളൊന്നും ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഭൂമി വിട്ടുനൽകണമെന്ന അപേക്ഷ ആരോഗ്യവകുപ്പിൽ നിന്ന് ലഭിക്കുകയുണ്ടായോ; | (സി) | ഇല്ല. |
| (ഡി) | ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | കുറ്റ്യാടി താലൂക്ക് ആശുപത്രിക്ക് വേണ്ടി 55 സെന്റ് സ്ഥലമാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്. വ്യക്തമായ സ്കെച്ചും റിപ്പോർട്ടും സമർപ്പിക്കുവാൻ കണ്ണൂർ പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസിൽ നിന്നും 01.12.2014 ലെ കത്ത് പ്രകാരം കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയുണ്ടായി ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥലത്തിന്റെ ഒറിജിനൽ സ്കെച്ചും റിപ്പോർട്ടും സമർപ്പിക്കുവാൻ കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പെരുവണ്ണാമൂഴി സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. ആയതിന് 06.02.2015 ന് ഇ 1-383/12 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും ഒറിജിനൽ സ്കെച്ച് സമർപ്പിരുന്നില്ല. ഒറിജിനൽ സ്കെച്ച് ലഭ്യമാക്കുവാൻ കുറ്റ്യാടി പദ്ധതി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**